**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4832** **02-07-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ പഠനമുറി അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ പഠനമുറി അനുവദിച്ചതിന്റെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ച് ചുവടെ ചേർക്കുന്നു . |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഇത് വരെ അനുവദിച്ച എല്ലാ പഠനമുറികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 59 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) | പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | പഠനമുറികൾ അനുവദിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു .<br><br>1. കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ വരെ.<br><br>2. എല്ലാ സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ, കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 |

| **പഞ്ചായത്ത്** | **എണ്ണം** |
|---|---|
| ബാലുശ്ശേരി | 25 |
| പനങ്ങാട് | 27 |
| ഉള്ള്യേരി | 20 |
| നടുവണ്ണൂർ | 16 |
| കൂരാച്ചുണ്ട് | 11 |
| കോട്ടൂർ | 25 |
| ഉണ്ണികുളം | 36 |
| കായണ്ണ | 12 |
| അത്തോളി | 23 |
| **ആകെ** | **195** |

| | | | |
|---|---|---|---|
| | | | വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ.<br><br>3. 800 സ്ക്വയർ ഫീറ്റ് വരെ മാത്രം വിസ്തീർണ്ണമുള്ള വീടുകൾ<br><br>4. വകുപ്പിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിക്കാത്തവർ.<br><br>**മുൻഗണനാ മാനദണ്ഡം :-**<br><br>1. വീടിൻറെ വിസ്തീർണ്ണം ഏറ്റവും കുറവുള്ള കുടുംബം.<br><br>2. ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥികളായുള്ള കുടുംബം<br><br>3. വിധവ കുടുംബനാഥയായ കുടുംബം<br><br>4. കിടപ്പുരോഗികൾ/മാരകരോഗികൾ ഉള്ള കുടുംബം.<br><br>5. മുതിർന്ന ക്ലാസ്സുകാർക്ക് മുൻഗണന. |

സെക്ഷൻ ഓഫീസർ